# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 130

08-06-2015- ൽ മറുപടിക്ക്

## വിഴിഞ്ഞം തുറമുഖ പദ്ധതിക്ക് ഭൂമി ഏറ്റെടുക്കൽ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.കെ.ജയചന്ദ്രൻ : | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |
| (എ) വിഴിഞ്ഞം തുറമുഖ പദ്ധതിക്കും അനുബന്ധ വികസനത്തിനും വേണ്ടി ആവശ്യമായ ഭൂമി എത്ര എന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത് ; ഇതിനകം എത്ര ഭൂമി ഏറ്റെടുത്തു ; | (എ) വിഴിഞ്ഞം പദ്ധതിയ്ക്കാവശ്യമായി കണക്കാക്കപ്പെട്ടിട്ടുള്ളത് 229.10ഏക്കർ ഭൂമിയാണ്. ഇതിൽ 206.87 ഏക്കർ ഭൂമി ഇതിനകം തന്നെ ഏറ്റെടുത്തു കഴിഞ്ഞു. ഇത് റെയിൽവേ ഒഴികെ പദ്ധതിയ്ക്ക് ആവശ്യമായ സ്ഥലമാണ്. റെയിൽവേ ആവശ്യവുമായി ബന്ധപ്പെട്ട് ഇതുവരെ ഭൂമി നോട്ടിഫൈ ചെയ്തിട്ടില്ല. |
| (ബി) പദ്ധതിയുടെ ടെണ്ടറിൽ എത്ര ഏക്കർ ഭൂമി ലഭ്യമാക്കും എന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത് ; ഈ ഭൂമിയ്ക്ക് നിലവിൽ കണക്കാക്കപ്പെടുന്ന വില എത്രയാണെന്ന് വെളിപ്പെടുത്താമോ ; | (ബി) വിഴിഞ്ഞം പദ്ധതിയുടെ ടെണ്ടറിൽ പദ്ധതി ആവശ്യത്തിനായി 229.10 ഏക്കർ ഭൂമി നിർമ്മാണത്തിനും നടത്തിപ്പിനുമായി ലൈസൻസ് അനുവദിച്ച് നൽകാനാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. നാളിതുവരെ 206.87 ഏക്കർ ഭൂമി സർക്കാർ ഭൂഉടമകളുമായി ഉഭയസമ്മതപ്രകാരം അംഗീകരിച്ച (2010-13) കമ്പോള വിലയനുസരിച്ച് 524.41 കോടി രൂപ മുതൽ മുടക്കി ഏറ്റെടുത്തിട്ടുണ്ട്. |
| (സി) ടെണ്ടറിലെ വ്യവസ്ഥയനുസരിച്ച് ഭൂമി സർക്കാരിന് തിരിച്ചുകിട്ടുന്നത് എപ്പോഴായിരിക്കും ? | (സി) ടെണ്ടർ അനുസരിച്ച് ഭൂമി കേരള സർക്കാരിന്റെ പൂർണ്ണ ഉടമസ്ഥതയിൽ ആയിരിയ്ക്കും. സ്വകാര്യ പങ്കാളിയ്ക്ക് പദ്ധതിയുടെ നിർമ്മാണത്തിനും നടത്തിപ്പിനുമായി നാല്പതു വർഷത്തേയ്ക്ക് ലൈസൻസ് അനുവദിച്ചു നല്കാൻ മാത്രമാണ് വ്യവസ്ഥ. |

സെക്ഷൻ ഓഫീസർ